**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ വൈദ്യുതി ലൈനിൽ നിന്നടക്കമുള്ള സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | വിധേയമാക്കിയിട്ടുണ്ട്. |
| (ബി) | കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | അധ്യയന വർഷം ആരംഭിക്കുമ്പോഴും അതിനു ശേഷവും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് വേണ്ടി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/05/2025, 31/05/2025, 26/07/2025, 07/08/2025 തീയതികളിലെ സർക്കുലർ പ്രകാരം വിദ്യാഭ്യാസ അഫീസർ മുഖാന്തരം എല്ലാ പ്രഥമാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശം ഗൗരവതരമായി പരിഗണിയ്ക്കാത്തതാണ് തേവലക്കര ബോയ്സ് ഹൈസ്കൂളിലെ മിഥുൻ എന്ന വിദ്യാർഥിയുടെ അപകടത്തിന് കാരണമായത്. പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. സ്കൂളിൽ കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിൽ പ്രഥമാധ്യാപിക, മാനേജർ എന്നിവരുടെ ഭാഗത്ത് നിന്നും ഗുരുതര വീഴ്ച്ച സംഭവിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രഥമാധ്യാപികയായ ശ്രീമതി. സുജ.എസ് നെ വേലവിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും സ്കൂൾ മാനേജർ ശ്രീ. ആർ. തുളസീധരൻ പിള്ളയെ കെ.ഇ.ആർ അധ്യായം III ചട്ടം 7 പ്രകാരം അയോഗ്യനായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. കൂടാതെ സ്കൂൾ ഫിറ്റനസ് പരിശോധന നടത്തിയ അസിസ്റ്റന്റ് എൻജിനീയറുടെ ഭാഗത്തു ജാഗ്രത കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ടി അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ തദ്ദേശസ്വയംഭരണ വകുപ്പ് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല നിലവിൽ കൊല്ലം ജില്ലാവിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിലെ താല്ലാലിക |

| | | | |
|---|---|---|---|
| | | | മാനേജറായി തുടർന്നുവരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് അടിയന്തിര ധനസഹായം നൽകുവാൻ സ്കൂൾ മാനേജ്മെന്റിന് നിർദ്ദേശം നൽകിയിരുന്നു. മാനേജ്മെന്റിന്റെ വകയായി 10 ലക്ഷം രൂപയുടെ ചെക്ക് മിഥുന്റെ മാതാപിതാക്കൾക്ക് 21/07/2025-ൽ കൈമാറിയതായും, മരണാനന്തര ചെലവുകൾക്കായി 78000/- രൂപ ചെലവാക്കിയതായും മാനേജർ അറിയിച്ചിട്ടുണ്ട്.<br><br>മരണപ്പെട്ട മിഥുന്റെ കുടുംബത്തിന് മെച്ചപ്പെട്ട രീതിയിലുള്ള വീട് വച്ച് നൽകാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, പടിഞ്ഞാറെ കല്ലട പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ അംഗങ്ങളായുള്ള ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും, വീട് പൂർത്തിയാകും വരെ കുട്ടിയുടെ കുടുംബത്തെ മാറ്റി താമസിപ്പിക്കാനുള്ള വാടക വീട് കണ്ടെത്തുന്നതിനും, കുട്ടിയുടെ കുടുംബത്തിന് പുതിയ വീട് വെച്ച് നൽകുന്നതിനുമുള്ള അനുമതി നൽകി കൊണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം 1 ആയി ചേർക്കുന്നു). മരണപ്പെട്ട മിഥുന്റെ കുടുംബത്തിന് 3 ലക്ഷം രൂപയുടെ സഹായധനം നൽകി. ആറാം ക്ലാസ്സ് വിദ്യാർത്ഥിയായ ഇളയ സഹോദരൻ മാസ്റ്റർ സുജിന്റെ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള പഠനത്തിൽ ഫീസ് അടക്കമുള്ള പഠന ചെലവുകൾ ഒഴിവാക്കി തുടർവിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും, സെന്റ് ആൻഡ്രൂസ് യു.പി.എസ് പട്ടക്കടവ് സ്കൂളിനും നിർദേശം നൽകിയിട്ടുണ്ട്.<br><br>അധ്യയന വർഷാരംഭത്തിൽ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കുന്നതിലും, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിലും സ്കൂൾ മാനേജ്മെന്റിന്റെയും , പി.റ്റി.എ യുടെയും ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ച സാഹചര്യത്തിൽ നിലവിലുള്ള പി.റ്റി.എ ഭരണസമിതി പിരിച്ചു വിട്ട് തെരഞ്ഞെടുപ്പ് നടത്തി പി.റ്റി.എ.യെ തെരഞ്ഞെടുക്കുവാൻ ടീച്ചർ-ഇൻ-ചാർജ്ജിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള പി.റ്റി.എ. ഭരണ സമിതിയെ 26/07/2025-ൽ കമ്മിറ്റി കൂടി പിരിച്ചു വിടുകയും പുതിയ ഭരണസമിതി രൂപീകരിച്ചതായും ടീച്ചർ-ഇൻ-ചാർജ്ജ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് | (സി) | കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥിയുടെ അപകട മരണത്തെ തുടർന്ന് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി ലൈനുകൾ, കെട്ടിടങ്ങൾ മറ്റ് എല്ലാ തരത്തിലുള്ള അപകട സാധ്യതകൾ പരിശോധിക്കാനും, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം ഉദ്യോഗസ്ഥരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ഓരോ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ആയതിൽ ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളുടെയും പൊളിച്ചുമാറ്റേണ്ട കെട്ടിടങ്ങളുടെയും വിശദമായ കണക്ക് പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കുകയും അതിന്മേൽ തുടർ നടപടികൾ കൈക്കൊണ്ട് എല്ലാ രീതിയിലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ – ഷാനവാസ്.എസ്, ഐഎഎസ്)**

വിഷയം :- പൊതുവിദ്യാഭ്യാസം – കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥി മാസ്റ്റർ മിഥുൻ സ്കൂളിൽ വൈദ്യുതി കമ്പിയിൽ നിന്നും ഷോക്കേറ്റ് മരിച്ച സംഭവത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. പൊതുവിദ്യാഭ്യാസ(ജി) വകുപ്പിന്റെ 31.07.2025 ലെ 5020/2025/GEDN നമ്പർ ഉത്തരവ്.

2. പൊതുവിദ്യാഭ്യാസഡയറക്ടറുടെ 18/07/2025 ലെ ഇതേ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ക്യൂ.ഐ.പി (1)/11198/2025/ഡി.ജി.ഇ, തീയതി : 02/08/2025**

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥി മാസ്റ്റർ മിഥുൻ സ്കൂളിൽ വൈദ്യുതി കമ്പിയിൽ നിന്നും ഷോക്കേറ്റ് മരിച്ച സംഭവത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്കൂളും സ്ഥലവും സന്ദർശിക്കുകയും മരണപ്പെട്ട കുട്ടിയുടെ രക്ഷിതാക്കളും അധ്യാപകരുമായി സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ പരാമർശം (1) പ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്. മരണപ്പെട്ട മാസ്റ്റർ മിഥുന്റെ ഇളയസഹോദരൻ, മാസ്റ്റർ സുജിൻ ആറാം ക്ലാസ് വിദ്യാർത്ഥിയാണ്. ഈ കുട്ടിയുടെ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള പഠനത്തിൽ ഫീസ് അടക്കമുള്ള പഠന ചെലവുകൾ ഒഴിവാക്കി തുടർ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർ

1. വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
2. സെന്റ് ആർഡ്രൂസ്, യു.പി.എസ്, പട്ടക്കടവ്, ശാസ്താംകോട്ട സബ് ജില്ല